**കേരളാ ആരോഗ്യവകുപ്പ് അഡീഷണൽ ഡയറക്ടർ (എ&ടി)യുടെ നടപടിക്രമങ്ങൾ**

വിഷയം:- ആ.വ.ഡ–06.05.2000 മുതൽ 31.7.2017 വരെയുള്ള കാലയളവിലെ ഒന്നാം ഗ്രേഡ് ജെ.പി.എച്ച്.എൻ അന്തിമ സീനിയോറിറ്റി പട്ടിക പ്രസിദ്ധീകരിച്ചുകൊണ്ടുള്ള ഉത്തരവ്.

സൂചന:- 1) 15/5/2007-ലെ എഫ്.ഡബ്ല്യു. സ്പെഷ്യൽ സെൽ 94660/06 നമ്പർ ഒന്നാം ഗ്രേഡ് ജെ.പി.എച്ച്.എൻ. സീനിയോറിറ്റി ലിസ്റ്റ്.

2)10/08/2009-ലെ എഫ്.ഡബ്ല്യു. സ്പെഷ്യൽ സെൽ 61647/2007- നമ്പർ ഉത്തരവ്പ്രകാരം പ്രസിദ്ധീകരിച്ച രണ്ടാം ഗ്രേഡ് ജെ.പി.എച്ച്.എൻ. സീനിയോറിറ്റി ലിസ്റ്റ്.

3)ബഹു: കേരളാ ഹൈക്കോടതിയുടെ ഒ.പി. (കെ.എ.റ്റി) നം. 74/2017, ഒ.പി. (കെ.എ.റ്റി) നം. 211/07 കേസ്സിൻ മേൽ 11/10/2017ലെ വിധിന്യായം.

4)ബഹു. കെ.എ.റ്റി. ഒ.എ. നം. 1070/2014- നമ്പർ കേസ്സിന്മേൽ 11/12/2017ലെ വിധിന്യായം

5)7/15/2018-ലെ ഇ.എസ്.5/32284/17/ആ.വ.ഡ ഉത്തരവ് കരട് സീനിയോറിറ്റി ലിസ്റ്റ്.

6)27/6/2018-ലെ 2050/2018/ആ.കു.വ (ആർ.റ്റി) നമ്പർ സർക്കാർ ഉത്തരവ്.

7)28/9/2018-ലെ ഇ.എസ്.5/32284/17 ആ.വ.ഡ ഉത്തരവ് പരിഷ്കരിച്ച കരട് സീനിയോറിറ്റി ലിസ്റ്റ്.

**ഉത്തരവ് നമ്പർ ഇ.എസ്.5/32284/17/ആ.വ.ഡ/തീയതി 6/12/2018.**

സൂചന (5) ഉത്തരവ്പ്രകാരം പ്രസിദ്ധീകരിച്ച ഒന്നാം ഗ്രേഡ് ജെ.പി.എച്ച്.എൻ. മാരുടെ 6/5/2000 മുതൽ 31/7/2017 വരെയുള്ള കാലയളവിലെ താൽകാലിക സീനിയോറിറ്റി പട്ടികയിൻമേൽ വിവിധ ജില്ലാ മെഡിക്കൽ ആഫീസർമാർ മുഖേന ലഭിച്ച അപ്പീലുകൾ പരിശോധിച്ചതിനുശേഷം സൂചന (6) ഉത്തരവ്പ്രകാരം പരിഷ്കരിച്ച കരട് സീനിയോറിറ്റി പട്ടിക പ്രസിദ്ധീകരിക്കുകയുണ്ടായി. പ്രസ്തുത പരിഷ്കരിച്ച കരട് സീനിയോറിറ്റി പട്ടികയിന്മേലും മതിയായ സാവകാശം നൽകി അപ്പീലുകൾ സ്വീകരിക്കുകയുണ്ടായി.

പരിഷ്കരിച്ച കരട് സീനിയോറിറ്റി പട്ടിക ജില്ലാ മെഡിക്കൽ ആഫീസർമാർ മുഖേന ജില്ലയിൽ ജോലി ചെയ്തുവരുന്ന എല്ലാ ജെ.പി.എച്ച്.എൻ.മാർക്കും ലഭ്യമാക്കിയെന്ന് ഉറപ്പ് വരുത്തണമെന്നും, അപ്പീൽ സമർപ്പിക്കാൻ നിർദ്ദേശിച്ച തീയതിയ്ക്കകം തന്നെ ജില്ലയിൽനിന്നുള്ള അപ്പീലുകൾ / ആക്ഷേപങ്ങൾ ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റ് അഫ്ഫീസിൽ ലഭ്യമാക്കിയെന്ന് ജില്ലാ മെഡിക്കൽ ആഫീസർമാർ ഉറപ്പ് വരുത്തേണ്ടതാണെന്നും സൂചന 7 ഉത്തരവിൽ നിർദ്ദേശിച്ചിരുന്നു.

ഇത്തരത്തിൽ ലഭിച്ച അപ്പീൽ അപേക്ഷകൾ വിശദമായി പരിശോധിച്ച് പരിഗണനാർഹമായവ ഉൾപ്പെടുത്തി അന്തിമ സീനിയോറിറ്റി പട്ടിക ഇതോടൊപ്പം പ്രസിദ്ധീകരിക്കുന്നു. ബഹു. കേരള ഹൈക്കോടതിയുടെ സൂചന (3) പ്രകാരമുള്ള വിധിന്യായം പ്രകാരവും ബഹു. കെ.എ.റ്റി.യുടെ സൂചന (4) പ്രകാരമുള്ള ഉത്തരവ് പ്രകാരവും ജില്ലാതല നിയമനം നേടി ജോലിയിൽ തുടർന്ന് വരവെ അന്തർ ജില്ലാ സ്ഥലം മാറ്റം ലഭിച്ചാലും പ്രസ്തുത സ്ഥലം മാറ്റം ലഭിക്കുന്നതിന് മുൻപ് ടിയാൾക്ക് ഒന്നാം ഗ്രേഡ് ജെ.പി.എച്ച്.എൻ. മാരുടെ സ്ഥാനക്കയറ്റത്തിന് അർഹതയുണ്ടെങ്കിൽ ആയത് പരിഗണിച്ച് സ്ഥാനക്കയറ്റത്തിൻെറ തീയതി നിശ്ചയിച്ച് നൽകണമെന്നകാര്യം ഈ ലിസ്റ്റിൽ പരിഗണിച്ചിട്ടുണ്ട്.

സൂചന (1) ഉത്തരവ്പ്രകരം പ്രസിദ്ധീകരിച്ച ഒന്നാം ഗ്രേഡ് ജെ.പി.എച്ച്.എൻ. മാരുടെ സീനിയോറിറ്റി ലിസ്റ്റിൽനിന്നും പി.എച്ച്.എൻ. (എൽ.എച്ച്.ഐ) ആയി സ്ഥാനക്കയറ്റം ലഭിയ്ക്കാതെ 6/5/2000 മുൻപേ സർവ്വീസിൽ നിന്നും വിരമിച്ചവരുടെ ഒഴിവിൽ രണ്ടാം രണ്ടാം ഗ്രേഡ് ജെ.പി.എച്ച്.എൻ മാർക്ക് ഒന്നാം ഗ്രേഡ് ജെ.പി.എച്ച്.എൻ മാരായി പ്രൊമോഷൻ നൽകിയിട്ടില്ല. ടി ഒഴിവ് ഈ ലിസ്റ്റിൽ ഒന്നാം ഗ്രേഡ് ജെ.പി.എച്ച്.എൻ. പ്രൊമോഷൻ തീയതി നിർണ്ണയിക്കുന്നതിന് പരിഗണിച്ചിട്ടുണ്ട്. സൂചന (2) ഉത്തരവ്പ്രകാരം പ്രസിദ്ധീകരിച്ച രണ്ടാം ഗ്രേഡ് ജെ.പി.എച്ച്.എൻ. മാരുടെ സീനിയോറിറ്റി പട്ടികയിൽ 2517-ാം നമ്പർ വരെയുള്ളവർ ഒന്നാം ഗ്രേഡ് ജെ.പി.എച്ച്.എൻ. മാരായി സ്ഥാനക്കയറ്റം ലഭിച്ചു ജോലിയിൽ തുടർന്ന് വരുന്നു. അവരുടെ വിശദ വിവരങ്ങൾ ശേഖരിച്ചാണ് 7/5/2018ൽ കരട് സീനിയോറിറ്റി ലിസ്റ്റും 28/9/2018-ൽ പരിഷ്കരിച്ച കരട് സീനിയോറിറ്റി പട്ടികയും പ്രസിദ്ധീകരിച്ചത്. പ്രസ്തുത പട്ടികയിൻമേൽ ലഭിച്ച അപ്പീൽ പരിശോധിച്ച് പരിഗണിച്ചതിനുശേഷമാണ് 6/5/2000 മുതൽ 31/7/2017 വരെയുള്ള കാലയളവിലെ ഒന്നാം ഗ്രേഡ് ജെ.പി.എച്ച്.എൻ.മാരുടെ അന്തിമ സീനിയോറിറ്റിപട്ടിക പ്രസിദ്ധീകരിക്കുന്നത്. പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു.

(ഒപ്പ്)
ഡോ. സമീറ എ.
ആരോഗ്യവകുപ്പ് അഡീഷണൽ ഡയറക്ടർ (എ&ടി)

സ്വീകർത്താവ്:- എല്ലാ ഒന്നാം ഗ്രേഡ് ജെ.പി.എച്ച്.എൻ. മാർക്കും

(ജില്ലാ മെഡിക്കൽ ആഫീസർ മുഖേന)

പകർപ്പ്:- 1) ആരോഗ്യവകുപ്പ് ഡയറക്ടറുടെ വെബ് സൈറ്റ്
2) എല്ലാ ജില്ലാ മെഡിക്കൽ ആഫീസർമാർക്കും
3) സൂപ്രണ്ട് / മെഡിക്കൽ ആഫീസർ ഇൻ ചാർജ് ജി. ആശുപത്രി/താലൂക്ക് ആശുപത്രി സി.എച്ച്.സി/ പി.എച്ച്.സി (ജില്ലാ മെഡിക്കൽ ആഫീസർ മുഖേന)
4) ഫയൽ / കരുതൽ ഫയൽ

ഉത്തരവിൻപ്രകാരം

സൂപ്രണ്ട്